**? ചോദ്യോത്തരം**

**മുജീബ്**

# ലീഗിന് ബദൽ?

■ *ഇസ്‌ലാമിക ഭരണത്തിന് വേണ്ടി നിലകൊള്ളുന്ന ജമാഅത്തെ ഇസ്‌ലാമി ഇനിയൊരു പ്രത്യേക പാർട്ടി രൂപവത്കരിക്കേണ്ടതുണ്ടോ? ജമാഅത്തിന്റെ രാഷ്ട്രീയ പാർട്ടി മുസ്‌ലിം ലീഗിനൊരു ബദൽ അല്ലേ? പക്ഷേ, ലീഗിന്റെ ബദൽ വന്നവരൊക്കെ എവിടെ നിൽക്കുന്നു എന്ന് ജമാഅത്ത് ഇനിയും കണ്ടിട്ടില്ലേ? ഈ ചോദ്യങ്ങൾക്ക് മറുപടി?*

***നസ്വീർ പള്ളിക്കൽ റിയാദ്***

**ഇ**സ്‌ലാമിക ഭരണത്തിനു വേണ്ടി നിലകൊള്ളുന്ന പാർട്ടിയല്ല ജമാഅത്തെ ഇസ്‌ലാമി. ആർക്കും വാങ്ങി വായിക്കാവുന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണഘടനയിൽ ലക്ഷ്യം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. അത് പ്രകാരം ഇഖാമത്തുദ്ദീൻ അഥവാ ഇസ്‌ലാമിന്റെ സംസ്ഥാപനമാണ് പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇസ്‌ലാമിൽ പുതുതായി വല്ലതും കൂട്ടിച്ചേർക്കാനോ ഉള്ളത് വെട്ടിക്കുറക്കാനോ ജമാഅത്ത് സന്നദ്ധമല്ല. വിശുദ്ധ ഖുർആനും പ്രവാചകചര്യയും സച്ചരിതരായ ഖലീഫമാരുടെ മാതൃകയുമാണ് ഇസ്‌ലാമിന്റെ തനതായ രൂപത്തിന് ആധാരം. അതിൽ നിശ്ചയമായും രാഷ്ട്രീയവും ഭരണവും ഉണ്ട്. ഇത് ആരുടെ മുമ്പാകെയും എങ്ങനെ വേണമെങ്കിലും തെളിയിക്കാൻ സംഘടന തയാറാണ്. ഇസ്‌ലാമിന്റെ സംസ്ഥാപനം ലക്ഷ്യം വെക്കുന്ന ഒരു പ്രസ്ഥാനത്തിനും ജീവിതത്തിന്റെ സ്വകാര്യ, സാമൂഹിക രംഗങ്ങളെയാകെ നിയന്ത്രിക്കുന്ന ഭരണരംഗത്ത് നിന്ന് ഒളിച്ചോടാനോ വിട്ടുനിൽക്കാനോ കഴിയില്ല. പക്ഷേ, ഭരണവ്യവസ്ഥ പരിവർത്തിപ്പിക്കണമെങ്കിൽ സമൂഹത്തെ മാറ്റിയെടുക്കണം. സമൂഹത്തെ മാറ്റാൻ വ്യക്തികളെ സംസ്കരിക്കുകയും വളർത്തിയെടുക്കുകയും വേണം. അമുസ്‌ലിംകൾ മഹാഭൂരിപക്ഷമായ ഇന്ത്യാ മഹാ രാജ്യത്ത് ആദർശപരവും ധാർമികവുമായ പരിവർത്തനം, സുദീർഘമായ കാലയളവും അവധാനപൂർണമായ പ്രവർത്തനവും ആവശ്യപ്പെടുന്നതാണ്. എന്നാലും സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കാനും നന്മ കൽപിക്കാനും തിന്മ തടയാനും ബാധ്യസ്ഥമായ ആദർശ സമൂഹമാണ് മുസ്‌ലിംകളെന്നതുകൊണ്ട് ആ ദൗത്യത്തിൽ സാഹചര്യങ്ങൾ എത്ര പ്രതികൂലമായാലും ജമാഅത്തെ ഇസ്‌ലാമി ഉറച്ചു നിൽക്കുന്നു. ദൗത്യനിർവഹണത്തിന്റെ ഈ ഘട്ടത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയാവാൻ സമയമോ സാഹചര്യമോ പാകമായിട്ടില്ലാത്തതിനാൽ അതിന് ജമാഅത്ത് മുതിരുന്നില്ല.

എന്നാൽ രാജ്യത്ത് ജനാധിപത്യ മതനിരപേക്ഷ രാഷ്ട്രീയ സംവിധാനം നിലനിൽക്കുകയും സാമൂഹികനീതി ഒരളവോളം പുലരുകയും ചെയ്തെങ്കിൽ മാത്രമേ ആർക്കായാലും സ്വതന്ത്രമായി പ്രവർത്തിക്കാനാവൂ. സ്വതന്ത്ര ഇന്ത്യ അറുപത് വർഷങ്ങൾ പിന്നിട്ടിരിക്കെ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ഒരു രാഷ്ട്രീയ പാർട്ടിക്കും സാധ്യമായിട്ടില്ല. മറിച്ച്, മനുഷ്യാവകാശ ലംഘനവും നീതിനിഷേധവും ജാതീയതയും അഴിമതിയും അസമത്വവും ഭയാനകമായി ശക്തിപ്പെടുകയാണ് ഇന്ത്യയിൽ. അതിനാൽ ഈ പോക്കിൽ വേദനയും അവസ്ഥാ മാറ്റമെന്ന വിചാരവുമുള്ള സമാനമനസ്കരെ സഹകരിപ്പിച്ച് ദേശീയ തലത്തിൽ ഒരു പാർട്ടി രൂപവത്കരിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിക്കുന്നു. പ്രസ്തുത പാർട്ടി സ്വാഭാവികമായും ജമാഅത്തിന്റെ നേതൃത്വത്തിന് വിധേയമായി അതിന്റെ ചട്ടക്കൂടിൽ ഒതുങ്ങുന്ന ഒന്നാവില്ല. അതേയവസരത്തിൽ ജമാഅത്ത് ആഗ്രഹിക്കുന്ന മൂല്യങ്ങൾ നിർദിഷ്ട പാർട്ടിക്കുണ്ടായിരിക്കണമെന്ന ആഗ്രഹം അതിനുണ്ട് താനും.

പേര് ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് എന്നാണെങ്കിലും കേരള സ്റ്റേറ്റ് മുസ്‌ലിം ലീഗ് കമ്മിറ്റിയാണ് ഇലക്ഷൻ കമീഷൻ അംഗീകരിച്ച പാർട്ടി. കേരളത്തിൽ പരിമിതമാണ് ലീഗിന്റെ സ്വാധീനവും. അതിനു ബദലാവുന്ന പാർട്ടി ഉണ്ടാക്കണമെന്ന് ജമാഅത്ത് ഒരു കാലത്തും ആലോചിച്ചിട്ടില്ല. അത്തരമൊരു പ്രചാരണം നടത്തുക ലീഗിന്റെ ആവശ്യമാണ്, ഒപ്പമുള്ള മത സംഘടനകളെ ഭയപ്പെടുത്താൻ. മലബാറിൽ മാത്രം ശക്തിയും സ്വാധീനവുമുള്ള മുസ്‌ലിം ലീഗിന്റെ ഭൂമികയിൽ അതോട് മത്സരിക്കാൻ ഒരു പുതിയ പാർട്ടി വേണമെങ്കിൽ തന്നെ, നിർദിഷ്ട രാഷ്ട്രീയ പാർട്ടി അതായിരിക്കുകയില്ല. മുസ്‌ലിം ലീഗിനോടുള്ള നയം പാർട്ടി നിലവിൽ വന്ന ശേഷം അത് തീരുമാനിക്കും.

## ഇഖ്‌വാനിസത്തിന്റെ കാണാപുറങ്ങൾ

■ *"ഇസ്‌ലാമിന്റെ പൂർത്തീകരണത്തിനു ശേഷം ഏതാണ്ട് പതിനാല് നൂറ്റാണ്ടുകൾക്ക് ശേഷം, ഭരണവും*

*രാഷ്ട്രീയവും ഇസ്‌ലാമിന്റെ അവിഭാജ്യ ഘടകങ്ങളാണെന്നും അവയില്ലാത്ത ദീൻ അപൂർണവും സങ്കൽപത്തിലെ വീട് പോലെ മാത്രമാണെന്നുമുള്ള പ്രമാണവിരുദ്ധമായ ആശയങ്ങളുമായി മൗലാനാ മൗദൂദി സാഹിബ് രംഗത്ത് വരികയും ആ ആശയങ്ങളുടെ സംസ്ഥാപനത്തിനായി ജമാഅത്തെ ഇസ്‌ലാമി രൂപീകൃതമാവുകയും ചെയ്തു. ഇതേ ആശയങ്ങൾക്ക് ചുവടുപിടിച്ച് കൊണ്ട് ഹസനുൽ ബന്ന 'ഇഖ്‌വാനുൽ മുസ്‌ലിമൂൻ' എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിയെന്നും അറബ് നാടുകളിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നും അറിയപ്പെടുന്ന ഈ പ്രസ്ഥാനത്തിന്റെ മുഖ്യ പാഥേയം മൗദൂദിസമാണെന്നതിൽ തർക്കമില്ല." (ഡോ. സുൽഫിക്കർ അലി 'ഇഖ്‌വാനിസത്തിന്റെ കാണാപുറങ്ങൾ', ഇഖ്റഅ് പബ്ലിക്കേഷൻസ്, കണ്ണൂർ). പ്രതികരണം?*

***എ.പി അലി അക്ബർ എണ്ണപ്പാടം***

**വി**മർശിക്കാനും എതിർക്കാനുമുള്ള രചനകളാണെങ്കിലും വസ്തുതകൾ വാസ്തവികമായിരിക്കുന്നതാണ് സത്യസന്ധത; വിശിഷ്യാ മുസ്‌ലിം പണ്ഡിതന്മാർ ഗ്രന്ഥ രചന നടത്തുമ്പോൾ. 1928-ലാണ് ഈജിപ്തിൽ ശഹീദ് ഹസനുൽ ബന്നാ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപിച്ചത്. അന്ന് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ 'അൽ ജിഹാദു ഫിൽ ഇസ്‌ലാം' മാത്രമേ ഇസ്‌ലാമിക ഗ്രന്ഥമായി പുറത്ത് വന്നിട്ടുള്ളൂ. അതുതന്നെ ഉർദുവിൽ. ആ ഗ്രന്ഥത്തിന്റെ അറബി, ഇംഗ്ലീഷ് വിവർത്തനങ്ങളൊന്നും അന്ന് പ്രസിദ്ധീകരിച്ചിട്ടില്ല. അതിനർഥം 'മൗദൂദിസം' അപ്പോഴേക്ക് രൂപപ്പെടുകയോ അത് ഏതെങ്കിലും തരത്തിൽ ഹസനുൽ ബന്നായെ സ്വാധീനിക്കാൻ അവസരമുണ്ടാവുകയോ ചെയ്തിട്ടില്ല എന്നാണ്. പിന്നീട് 1941-ലാണ് ജമാഅത്തെ ഇസ്‌ലാമി സ്ഥാപിതമാവുന്നത്. അതാവട്ടെ അമുസ്‌ലിം ഭൂരിപക്ഷമുള്ള ഇന്ത്യയിലും. ഈ രണ്ട് പ്രസ്ഥാനങ്ങളും ആദർശത്തിലും ലക്ഷ്യത്തിലും സമാനത പുലർത്തിയതോടൊപ്പം ഭിന്ന നയപരിപാടികളുമായി പ്രവർത്തിക്കുകയായിരുന്നു. രണ്ടും തമ്മിലുള്ള ആദർശപരവും ചിന്താപരവുമായ ഏകീഭാവത്തിന്റെ കാരണം രണ്ടിന്റെയും സ്രോതസ്സ് ഇസ്‌ലാമിന്റെ മൗലിക പ്രമാണങ്ങളായ ഖുർആനും സുന്നത്തും ആണെന്നത് തന്നെ. ഈ പ്രമാണങ്ങൾ, വികലവും അപൂർണവുമായ ഒരു സാമ്പ്രദായിക മതമല്ല അവതരിപ്പിക്കുന്നത്, മറിച്ച് സമ്പൂർണ ജീവിത ദർശനമായ ഇസ്‌ലാമിനെയാണ്. അതിനാൽ സമ്പൂർണ ഇസ്‌ലാമിന്റെ സംസ്ഥാപനം ഇഖ്‌വാന്റെയും ജമാഅത്തിന്റെയും ലക്ഷ്യമായത് തികച്ചും സ്വാഭാവികമാണ്. രണ്ടിന്റെയും പ്രവർത്തന മാർഗം തീർത്തും സമാധാനപരമായതും ഇസ്‌ലാം ബലപ്രയോഗത്തെ അംഗീകരിക്കുന്നില്ല എന്നതുകൊണ്ടാണ്. 1949-ൽ ഹസനുൽ ബന്നാ രക്തസാക്ഷിയായതിൽ പിന്നെയാണ് ജമാഅത്തും ഇഖ്‌വാനും തമ്മിൽ കാര്യമായ ചിന്താപരവും ആശയപരവുമായ വിനിമയം നടക്കുന്നത്.

## ജിന്നയും മൗദൂദിയും

■ *"മതവൈരം വളർത്തി, വർഗീയതയെ താലോലിച്ച് ഇന്ത്യാ രാജ്യത്തെ വാളുകൊണ്ടെന്ന പോലെ രണ്ടായി പകുത്ത് ലക്ഷങ്ങളെ കൊലക്ക് കൊടുക്കുകയും അതിലിരട്ടി മനുഷ്യ ജീവിതങ്ങളെ അനാഥമാക്കുകയും ചെയ്ത പാകിസ്താന്റെ സ്രഷ്ടാവ് ഖാഇദെ അഅ്സം മുഹമ്മദലി ജിന്നയുടെ ജീവിതം, വിശ്വാസവും പ്രായോഗികതയും തമ്മിലുള്ള കടുത്ത വൈരുധ്യങ്ങളുടെ അമ്പരിപ്പിക്കുന്ന ചരിത്രമാണ്........ വിശുദ്ധ ഖുർആൻ ജിന്ന വായിച്ചിട്ടില്ല........ അദ്ദേഹം പ്രാർഥിക്കുകയോ റംസാൻ മാസത്തിൽ വ്രതമെടുക്കുകയോ ചെയ്യാറില്ലത്രെ.... ഈദിന്റെ സമയത്തു മാത്രമേ താൻ പ്രാർഥിക്കാറുള്ളൂ എന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. അതും വെറും കാട്ടിക്കൂട്ടൽ മാത്രം.... ഒരിക്കൽ പോലും ഹജ്ജിന് പോയിട്ടില്ല. വിഭജനകാലത്ത് ഗാന്ധിജി കലാപ മേഖലകൾ സന്ദർശിച്ച് സമാധാന ശ്രമങ്ങൾക്ക് നേതൃത്വം നൽകിയപ്പോൾ അതിന് കാരണക്കാരനായ ജിന്ന ഒരിടത്തും പോയില്ല. 1946-ൽ ബംഗാളിലെ നവഖാലിയിൽ ആയിരക്കണക്കിന് ഹിന്ദുക്കളും 1947 ജൂലൈയിൽ ദൽഹിയിലും കിഴക്കൻ പഞ്ചാബിലും ആയിരക്കണക്കിന് മുസ്‌ലിംകളും വധിക്കപ്പെട്ടു"* (എം. ജയരാജ്, മാതൃഭൂമി *ആഴ്ചപ്പതിപ്പ്, 2010 ഡിസംബർ 4. 1948 സെപ്റ്റംബർ 11-ന് അന്തരിച്ച ജിന്നയുടെ ചരമവാർത്ത പ്രസിദ്ധീകരിച്ച* മാതൃഭൂമി *ദിനപത്രം അവലോകനം ചെയ്ത് എഴുതിയ കുറിപ്പിൽനിന്ന്). എന്നാൽ ഇതേ കാലഘട്ടത്തിൽ, അതായത് 1946 സെപ്റ്റംബർ 15-ന് ഞായറാഴ്ച മൗലാനാ മൗദൂദിയുടെ അധ്യക്ഷതയിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ശൂറാ തീരുമാനങ്ങൾ നോക്കുക. തീരുമാനം 4(സി): ഏതെങ്കിലും ജമാഅത്തംഗത്തിന്റെ മുമ്പിൽ വെച്ച് ഹിന്ദുക്കളോ മുസ്‌ലിംകളോ മർദിതന്റെ മേൽ ആക്രമണമഴിച്ചു വിട്ടാൽ, അത് തടയാനും മർദിതനെ രക്ഷപ്പെടുത്താനും, ജീവൻ അപകടത്തിലാക്കിയാണെങ്കിലും വേണ്ടത് ചെയ്യേണ്ടതാണ്.*

*4 (ഡി): കലാപ സമയത്ത് മുസ്‌ലിമോ അമുസ്‌ലിമോ ആയ ഏതെങ്കിലും വ്യക്തിയോ കുടുംബമോ ആപത്തിലകപ്പെട്ടാൽ അവർ സഹായമാവശ്യപ്പെട്ടാലും ഇല്ലെങ്കിലും അവർക്കഭയം നൽകാൻ ശ്രമിക്കേണ്ടതാണ്. സ്വന്തത്തെ ആപത്തിലകപ്പെടുത്തിയിട്ടെങ്കിലും അവരെ സംരക്ഷിക്കണം.*

*4 (ഇ): കലാപസമയത്ത് പൊതു ജനങ്ങളെയും സാധ്യമെങ്കിൽ കലാപം ആളിക്കത്തിക്കുന്ന നേതാക്കളെയും കാര്യങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിക്കുക.*

*കൂടാതെ ജമാഅത്ത് പ്രവർത്തകർക്ക് മൗദൂദി നൽകിയ നിർദേശങ്ങൾ: "ജമാഅത്തംഗങ്ങൾ ഖുർആനും നബിചര്യയും പഠിക്കാൻ പ്രത്യേക താൽപര്യം പ്രകടിപ്പിക്കണം. നിർബന്ധ ആരാധനകൾക്ക് പുറമെ സുന്നത്ത് നമസ്കാരം, സുന്നത്ത് നോമ്പ്, ദാനധർമങ്ങൾ തുടങ്ങി മനസ്സിൽ നിഷ്കളങ്കമായ ദൈവബോധം വളർത്തുന്ന ആരാധനകളിൽ കൂടുതൽ താൽപര്യം പ്രകടിപ്പിക്കണം" (റൂദാദ് ജമാഅത്തെ ഇസ്‌ലാമി, ഭാഗം 3,4).*

*മുകളിൽ സൂചിപ്പിച്ച കുറിപ്പുകൾ മുസ്‌ലിം ലീഗിന്റെ ജീവാത്മാവും പരമാത്മാവുമായ ജിന്നയെക്കുറിച്ചും, ജമാഅത്ത് സ്ഥാപകനായ മൗലാനാ മൗദൂദിയെക്കുറിച്ചും, അവരുടെ*

*വ്യക്തിത്വത്തെ സംബന്ധിച്ചും വ്യക്തമായ സൂചനകൾ നൽകുന്നുവല്ലോ. എന്നിട്ടും വർത്തമാനകാലത്ത് മൗദൂദിയെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും ഭീകരവാദത്തിന്റെ പ്രഭവകേന്ദ്രമായും, ദീനിൽ നിന്നകന്നവരായും ഒരേസമയം സാമുദായിക രാഷ്ട്രീയ പാർട്ടിയും അവരുടെ കുഴലൂത്തുകാരായ മുജാഹിദ്, സുന്നീ വിഭാഗങ്ങളും ശകതമായ കുപ്രചാരണങ്ങളിലൂടെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവർ മുമ്പ് ജിന്നക്ക് വേണ്ടി ജയ് വിളിച്ചവരാണ് താനും. ഇപ്പോഴും ചന്ദ്രിക ദിനപത്രത്തിൽ ജിന്നയെ മഹത്വവത്കരിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.*
*ഇത് ബഹുജനമധ്യത്തിൽ തുറന്ന് കാട്ടേണ്ടതല്ലേ?*

***സി.എച്ച് മുഹമ്മദ് മുസ്തഫ***
***കാളമ്പാടി, മലപ്പുറം***

**തീ**വ്ര മതേതരനും മതമുക്തനുമായ മുഹമ്മദലി ജിന്നയെയും അദ്ദേഹം ഇന്ത്യയിൽ ഇളക്കിവിട്ട സാമുദായിക ധ്രുവീകരണത്തെയും ഇന്നും ഉപഭൂഖണ്ഡത്തെ വേട്ടയാടുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും കുറിച്ചൊക്കെ ധാരാളം രചനകൾ വന്നു കഴിഞ്ഞതാണ്. എല്ലാം സ്വീകാര്യമല്ലെങ്കിലും ഇസ്‌ലാമിക ജീവിതം നയിച്ച വ്യക്തിയായി ജിന്നയെ ആരും അവതരിപ്പിച്ചിട്ടില്ല. അതേസമയം ഇസ്‌ലാമിനെ അഗാധമായി പഠിക്കുകയും പഠിച്ചത് ലോകത്തിന് നൽകുകയും അതിന്റെ പ്രബോധനത്തിനായി ഒരു വ്യവസ്ഥാപിത പ്രസ്ഥാനം തന്നെ രൂപവത്കരിച്ചു അതിന് നേതൃത്വം നൽകുകയും ചെയ്ത ചിന്തകനാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. സാമുദായിക രാഷ്ട്രീയത്തെയും ധ്രുവീകരണത്തെയും അദ്ദേഹം നഖശിഖാന്തം എതിർത്തു. ഈ വശം അപ്പാടെ കണ്ടില്ലെന്ന് നടിച്ച് മൗദൂദിക്കും ജമാഅത്തെ ഇസ്‌ലാമിക്കുമെതിരെ എന്തസംബന്ധവും പറയുകയും എഴുതുകയും ചെയ്യുകയാണ് മതസേവനവും ജിഹാദുമെന്ന് ധരിച്ചുവശായവരെപ്പറ്റി കൂടുതലെന്ത് പറയാൻ? തികച്ചും സാമുദായികാടിസ്ഥാനത്തിൽ ജിന്നാ സാഹിബ് സ്ഥാപിച്ച രാജ്യം ഇന്നെവിടെ ചെന്നെത്തി നിൽക്കുന്നു എന്നും ഇവർ ആലോചിക്കുന്നില്ല. ഏറ്റവും ചുരുങ്ങിയത്, സാമ്രാജ്യത്വത്തിന്റെ അധിനിവേശം പാകിസ്താന്റെ അസ്തിത്വത്തിനും വ്യക്തിത്വത്തിനും നേരെ കനത്ത വെല്ലുവിളി ഉയർത്തിയ സന്ദർഭത്തിലെങ്കിലും ഈ മതസംഘടനകളുടെ സമാന മനസ്കർ അവിടെ ഇസ്‌ലാമിക പ്രസ്ഥാനവുമായി സഹകരിക്കാൻ തയാറായി. 'ഏക് യഹൂദി സൗ മൗദൂദി' (ഒരു യഹൂദി സമം നൂറ് മൗദൂദി) എന്ന് ആദ്യ തെരഞ്ഞെടുപ്പിൽ മുദ്രാവാക്യം വിളിച്ച മുല്ലമാരുടെ സംഘടനകൾ പിന്നീട് ആ 'മൗദൂദി'കളോട് സഖ്യം ചേരാൻ നിർബന്ധിതരായി. കാലത്തിന്റെ ചുമരെഴുത്ത് മായ്ച്ചുകളയാനോ വായിക്കാതിരിക്കാനോ ആർക്കും ആവില്ല.

## വിശദീകരണം വേണം

■ പ്രബോധനം 67/25-ൽ *ശ്രീകുമാർ ചോദിച്ച പ്രസക്തമായ ചോദ്യത്തിന്, മുജീബ് നൽകിയ മറുപടിയിലെ അവസാന ഭാഗത്ത് 'നേരിടാൻ ഒരു അബൂബക്കർ ഇല്ലാതെ പോയ മതപരിത്യാഗം' എന്ന് പരാമർശിച്ചു കണ്ടു. ഏത് പശ്ചാത്തലത്തിലാണ് നദ്‌വി സാഹിബ് തന്റെ പുസ്തകത്തിന് പേരായി അത് നൽകിയത് എന്ന് വിശദീകരിക്കാമോ?*

***എ.ആർ ചെറിയമുണ്ടം***

**ത**ങ്ങൾ മുസ്‌ലിംകളാണെന്ന് വാദിച്ചുകൊണ്ടു തന്നെ തൗഹീദിനും ഇസ്‌ലാമിക തത്ത്വങ്ങൾക്കും തീർത്തും വിരുദ്ധമായ ജീവിതം നയിക്കുന്നവരുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിലാണ് അലിമിയാൻ തന്റെ ശ്രദ്ധേയമായ കൃതി എഴുതിയത്. അബൂബക്കർ(റ) പ്രഥമ ഖലീഫയായി ചുമതലയേറ്റപ്പോൾ സകാത്ത് പൊതുഖജനാവിലേക്കടക്കാൻ വിസമ്മതിച്ച മുസ്‌ലിംകൾക്കെതിരെയാണ് വാളെടുക്കാൻ കൽപന നൽകിയത്. അത് വ്യക്തമായ മതഭ്രഷ്ട് തന്നെയായിരുന്നു അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും ദൃഷ്ടിയിൽ. ഇന്നോ, നമസ്കാരമോ സകാത്തോ നോമ്പോ ഹജ്ജോ ഇല്ലാത്ത, വിശുദ്ധ ഖുർആൻ പോലും ഒരാവർത്തി വായിച്ചുനോക്കാത്ത മതമുക്തർ പോലുമാണ് മുസ്‌ലിംകളായി അറിയപ്പെടുന്നവർ.

## നിലപാടിൽ ഉറച്ചു നിൽക്കുന്നു

■ *"മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങളും സാമൂഹിക പ്രതിബദ്ധതയും പോരെന്ന് ആരോപിച്ചാണ് ജമാഅത്തെ ഇസ്‌ലാമിയും എസ്.ഡി.പി.ഐയും തെരഞ്ഞെടുപ്പിലിറങ്ങിയത്. ഇക്കൂട്ടർ കേരള രാഷ്ട്രീയത്തെ തെറ്റിദ്ധരിക്കുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. മാത്രമല്ല കേരളത്തിന്റെ മനസ്സ് മനസ്സിലാക്കാതെയാണ് തെരഞ്ഞെടുപ്പിലിറങ്ങിയത്. അനുഭവത്തിന്റെ വെളിച്ചത്തിലെങ്കിലും ഇക്കൂട്ടർ പിൻമാറുമെന്നാണ് കരുതുന്നത്."*
*മുസ്‌ലിം ലീഗ് തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഭീകരവിരുദ്ധ ദിനാചാരണം ഉദ്ഘാടനം ചെയ്തുകൊണ്ട് കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല പറഞ്ഞത് (മാധ്യമം 6-12-2010). മുജീബിന്റെ അഭിപ്രായം?*

***സി.കെ ഹാശിം റഷീദ്***
***ഉളിയിൽ***

**മു**സ്‌ലിം ലീഗിന്റെ മാത്രമല്ല യു.ഡി.എഫിന്റെയും എൽ.ഡി.എഫിന്റെയും സാമൂഹിക പ്രതിബദ്ധതയെ പരസ്യമായി ചോദ്യം ചെയ്തുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ വികസനമുന്നണികൾ രൂപവത്കരിച്ച് പഞ്ചായത്ത്-നഗരസഭകളിൽ മത്സരത്തിനിറങ്ങിയത്. അഴിമതിയും സ്വജനപക്ഷപാതവും കൃത്യവിലോപവും നിരുത്തരവാദിത്വവും മുന്നണികളുടെ മുഖമുദ്രകളാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായിരുന്നു ശ്രമം. പല കാരണങ്ങളാൽ ഭരണത്തിലിരിക്കുന്ന ഇടതു മുന്നണിയോട് പ്രതികാരം ചെയ്യാൻ ജനങ്ങൾ അവസരം ഉപയോഗിച്ചതുകൊണ്ട് മറ്റൊന്നും ഇഷ്യൂ ആയില്ലെങ്കിലും പറഞ്ഞ കാര്യങ്ങളിൽ ജമാഅത്തുകാർ ഉറച്ചുനിൽക്കുന്നു. ഇനിയും അതുതന്നെ പറയാനും പോവുന്നു. ചെന്നിത്തലയുടെ പാർട്ടിയും മുസ്‌ലിം ലീഗും ഘടകങ്ങളായ യു.പി.എ സർക്കാറിന്റെ സാമൂഹിക പ്രതിബദ്ധത എത്രത്തോളമാണെന്ന് ഒന്നേ മുക്കാൽ ലക്ഷം കോടിയുടെ സ്പെക്ട്രം അഴിമതിയും ആദർശ് ഫ്ളാറ്റ് വിവാദവും കോമൺവെൽത്ത് ഗെയിംസും തെളിയിച്ചല്ലോ. ■